"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-എറണാകുളം ജില്ലയിലെ കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ചികിത്സയിലുള്ളവർ ക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്**

സ.ഉ.(കൈ) നം.260/2023/RD തീയതി,തിരുവനന്തപുരം, 17-11-2023

---

പരാമർശം:- എറണാകുളം ജില്ലാ കളക്ടറുടെ 03.11.2023 തീയതിയിലെ DCEKM/11295/2023-D1 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ട ഓരോരുത്തരുടേയും കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സയിലുള്ളവരുടെ ചികിത്സാച്ചെലവ് പൂർണമായും സർക്കാർ വഹിക്കുന്നതിനും അതിനാവശ്യമുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

2. സ്ഫോടനത്തിൽ മരണപ്പെട്ട ആലുവ സ്വദേശി ശ്രീ. പ്രദീപിന്റെ മകൾ ലിബിന(12 വയസ്സ്), ഭാര്യ റീന (45 വയസ്സ്), തൊടുപുഴ സ്വദേശിനി കുമാരി (53വയസ്സ്), പെരുമ്പാവൂർ സ്വദേശിനി ലിയോണ പൗലോസ് (55 വയസ്സ്), ആലുവ സ്വദേശിനി മോളി ജോയി (61 വയസ്സ്) എന്നിവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 5 ലക്ഷം രൂപ എന്ന ക്രമത്തിൽ 5 കുടുംബത്തിന് ആകെ 25,00,000/-ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

സ്ഫോടനത്തിൽ പരിക്കേറ്റ് സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സയിലുള്ളവരുടെ ചികിത്സാച്ചെലവ് പൂർണമായും സർക്കാർ വഹിക്കുന്നതിനും അതിനാവശ്യമുള്ള തുക, ചികിത്സാച്ചെലവ് സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

3. വിതരണത്തിന് ആകെ ആവശ്യമായി വരുന്ന 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തിരമായി വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ് (15.11.2023-ലെ ഇനം നം: 1885 O.A. പ്രകാരം)

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 17-11-2023 11:45:13

സെക്ഷൻ ഓഫീസർ

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 15-11-2023**

ഇനം നം: 1885

O.A.

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവാ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും, ചികിത്സയിലുള്ളവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. സ്ഫോടനത്തിൽ മരണപ്പെട്ട ഓരോരുത്തരുടേയും കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കാൻ തീരുമാനിച്ചു.

2 & 3. സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ ചികിത്സയിലുള്ളവരുടെ ചികിത്സാ ച്ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്നതിനും, അതിനാവശ്യ മുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവ ദിക്കാനും തീരുമാനിച്ചു.

കൂടുതൽ ആൾക്കൂട്ടം പ്രതീക്ഷിക്കുന്ന പരിപാടികൾ നടത്തുമ്പോൾ ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് മുൻകരുതൽ നടപടികൾ എടുക്കു ന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

15/11

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

1885-O.A.
(15.11.2023)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം കളമശ്ശേരി സാമ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023 ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ ആലുവ സ്വദേശി ശ്രീ. പ്രദീപന്റെ മകൾ ലിബിന (12 വയസ്), ഭാര്യ റീന (45 വയസ്), തൊടുപുഴ സ്വദേശിനി കുമാരി (53 വയസ്), പെരുമ്പാവൂർ സ്വദേശിനി ലിയോണ പൗലോസ് (55), ആലുവ സ്വദേശിനി മോളി ജോയി (61 വയസ്) എന്നീ 5 പേർ മരണപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയുമുണ്ടായി. പരിക്കേറ്റവർ കൊച്ചി, കോട്ടയം മെഡിക്കൽ കോളേജുകളിലും മറ്റ് സ്വകാര്യ ആശുപത്രികളിലും ചികിത്സയിലാണ്.

മരണപ്പെട്ടവരുടെയും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെയും വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

**തീരുമാനിക്കേണ്ട കാര്യം:**

1. സ്ഫോടനത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉചിതമായ ധനസഹായം അനുവദിക്കാമോ? ✓
2. സ്വകാര്യആശുപത്രികളിൽ ഉൾപ്പെടെ ചികിത്സയിലുള്ളവരുടെ ചികിത്സാ ചെലവ് അനുവദിക്കാമോ? ✓
3. സ്ഫോടനത്തിൽ പരിക്കേറ്റവർക്ക് പ്രത്യേക ധനസഹായം അനുവദിക്കാമോ?

* * *